# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3053      10.03.2017 -ൽ മറുപടിക്ക്

### അതിയന്നൂർ വില്ലേജ് ഓഫീസ്

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.കെ.ആൻസലൻ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ അതിയന്നൂർ പഞ്ചായത്തിൽ വില്ലേജ് ഓഫീസ് ആരംഭിക്കണമെന്നുള്ള ജനങ്ങളുടെ ആവശ്യം പരിഗണിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) അതിയന്നൂർ പഞ്ചായത്തിൽ വില്ലേജ് ഓഫീസ് ആരംഭിക്കുന്ന വിഷയം പരിഗണനയിലില്ല. |
| (ബി) നെയ്യാറ്റിൻകര താലൂക്കാഫീസിൽ നിരവധി അപേക്ഷകൾ റീസർവ്വേ നടപടികളുമായി ബന്ധപ്പെട്ട് തീർപ്പാക്കുന്നതിന് കാല വിളംബം നേരിടുന്നതിനാൽ ആയത് സമയബന്ധിതമായി തീർപ്പ് കല്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) നടപടി സ്വീകരിച്ചു വരുന്നു |
| (സി) നെയ്യാർതീരങ്ങളിലും കുളംപുറമ്പോക്കുകളിലും അനധികൃതമായി കൈവശം വച്ചിട്ടുള്ള സർക്കാർ ഭൂമി ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) നെയ്യാർതീരങ്ങളിലും പുറമ്പോക്കുകളിലും അനധികൃതമായി കൈവശം വച്ചിട്ടുള്ള ഭൂമി ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) കുളത്തൂർ പഞ്ചായത്തിലെ പൊഴിക്കരയിൽ, റിസോർട്ട് ഉടമകൾ അനധികൃതമായി ഉപയോഗിക്കുന്ന ഭൂമി വീണ്ടെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) കുളത്തൂർ വില്ലേജിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കേരള ലാൻഡ് കൺസർവൻസി ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തണ്ണീർത്തടങ്ങളുടെ സംരക്ഷണം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതിനാൽ കയ്യേറ്റങ്ങൾ തടയുന്നതിനും ഒഴിപ്പിക്കുന്നതിനും പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ